**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2221** **30-07-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിയ്ക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കടലുണ്ടി നദിയുടെ വലതുകര മഞ്ചേരി നിയോജകമണ്ഡലവും ഇടതുകര മലപ്പുറം നിയോജകമണ്ഡലവും ആണ്. 12.80 കോടി രൂപ ഭരണാനുമതി നൽകിയ ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ പ്രദേശത്ത് ജലസേചനം, കുടിവെള്ള ലഭ്യത എന്നിവയിൽ വർദ്ധനവും 600 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതിയിലൂടെ ജലസേചനം ഉറപ്പുവരുത്താനും സാധിക്കും. 70 മീറ്റർ നീളവും 5 മീറ്റർ ഉയരവും ഉള്ള റെഗുലേറ്റർ ആണ് പദ്ധതിയിൽ ഉള്ളത്. കൂടാതെ ഇടതുകരയിൽ 52 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയും, വലതുകരയിൽ 52.5 മീറ്റർ നീളവും ഉള്ള സംരക്ഷണ ഭിത്തിയുമാണ് നൽകുന്നത്. ഏകദേശം 55 ശതമാനത്തോളം പദ്ധതി പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കുകയും അബട്മെന്റ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഇടതു കരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. ആകെയുള്ള നാലു തൂണുകളിൽ രണ്ടെണ്ണം 7 മീറ്റർ ഉയരത്തിലും രണ്ട് എണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവൃത്തികളിൽ ഉൾപ്പെട്ട നാല് വിയറിൽ (weir)രണ്ട് എണ്ണം സിൽ ലെവൽ വരെയും മറ്റു രണ്ട് എണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തികളും |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. 2022 മാർച്ച് മാസത്തോടെ പദ്ധതി പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദീകരിക്കാമോ; | (ബി) | ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിയ്ക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കടലുണ്ടി നദിയുടെ വലതുകര മഞ്ചേരി നിയോജകമണ്ഡലവും ഇടതുകര മലപ്പുറം നിയോജകമണ്ഡലവും ആണ്. 12.80 കോടി രൂപ ഭരണാനുമതി നൽകിയ ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ പ്രദേശത്ത് ജലസേചനം, കുടിവെള്ള ലഭ്യത എന്നിവയിൽ വർദ്ധനവും 600 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതിയിലൂടെ ജലസേചനം ഉറപ്പുവരുത്താനും സാധിക്കും. 70 മീറ്റർ നീളവും 5 മീറ്റർ ഉയരവും ഉള്ള റെഗുലേറ്റർ ആണ് പദ്ധതിയിൽ ഉള്ളത്. കൂടാതെ ഇടതുകരയിൽ 52 മീറ്റർ നീളമുള്ള സംരക്ഷണ ഭിത്തിയും, വലതുകരയിൽ 52.5 മീറ്റർ നീളവും ഉള്ള സംരക്ഷണ ഭിത്തിയുമാണ് നൽകുന്നത്. ഏകദേശം 55 ശതമാനത്തോളം പദ്ധതി പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കുകയും അബട്മെന്റ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഇടതു കരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. ആകെയുള്ള നാലു തൂണുകളിൽ രണ്ടെണ്ണം 7 മീറ്റർ ഉയരത്തിലും രണ്ട് എണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവൃത്തികളിൽ ഉൾപ്പെട്ട നാല് വിയറിൽ (weir)രണ്ട് എണ്ണം സിൽ ലെവൽ വരെയും മറ്റു രണ്ട് എണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2022മാർച്ച് മാസത്തോടെ പദ്ധതി പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയിൽ പ്രൊപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മലപ്പുറം മണ്ഡലത്തിൽ പ്രൊപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

ജലസേചന വകുപ്പ് മലപ്പുറം നിയോജക മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ

| ക്ര.നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | NC-FC- മലപ്പുറം ജില്ലയിൽ മലപ്പുറം നിയോജക മണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 34 ൽ ൽണ്ണയികോൽമ റീസർവ്വെ നമ്പർ 140/1 കടലുണ്ടിപ്പുഴയുടെ വലതു കര സംരക്ഷണം | 41.00 | പൂർത്തീകരിച്ചു |
| 2 | FC- മലപ്പുറം ജില്ലയിൽ ൽ മലപ്പുറം നിയോജക മണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 22 ൽ കോരംകുണ്ടിൽ 22/224, 22/223, 22/223A എന്നീ വീട്ടുകൾക്ക് സമീപം കടലുണ്ടിപ്പുഴയുടെ വലതു കര സംരക്ഷണം | 23.60 | പൂർത്തീകരിച്ചു |
| 3 | RMF- മലപ്പുറം ജില്ലയിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 13 ൽ കാളമ്പാടിയിൽ കടലുണ്ടിപ്പുഴയുടെ വലതു കര സംരക്ഷണം | 46.40 | 60% പൂർത്തീകരിച്ചു |
| 4 | SDRF- മലപ്പുറം ജില്ലയിൽ ആനക്കയം പഞ്ചായത്തിൽ പുളിയേങ്ങലിൽ പനമ്പറ്റ കടവിന് താഴ് ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | **21.4** | പ്രസ്തുത പ്രവൃത്തിസ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട് |
| 5 | എഫ്.ഡി - മലപ്പുറം മുനിസിപ്പാലിറ്റിയിൽ മരുന്നുംപാടം വി.സി.ബി യുടെ താഴെ ഭാഗത്ത് വലിയതോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി | 23.00 | 20% പൂർത്തിയായി |
| 6 | എസ്.ഡി.ആർ.എഫ്-മലപ്പുറം മുനിസിപ്പാലിറ്റിയിൽ വലിയങ്ങാടിയിൽ താഴെപാടം വി.സി.ബി യുടെ അറ്റകുറ്റപണികൾ | 4.64 | ഉടമ്പടി വെച്ച് പ്രവൃത്തി സ്ഥലം കൈമാറി |
| 7 | എസ്.ഡി.ആർ.എഫ് - മലപ്പുറം മുനിസിപ്പാലിറ്റിയിൽ മച്ചിങ്ങൽ കോലോത്തുംചിറ വി.സി.ബി യുടെ അറ്റകുറ്റപണികൾ | 4.00 | 10% പൂർത്തിയായി |
| 8 | എസ്.ഡി.ആർ.എഫ് - മൊറയൂർ പഞ്ചായത്തിൽ വാർഡ് 9 ൽ റഹ്മത്ത് നഗർ വി.സി.ബി യുടെ അറ്റകുറ്റപണികൾ | 4.00 | ഉടമ്പടി വെച്ച് പ്രവൃത്തി സ്ഥലം കൈമാറി |
| 9 | എസ്.ഡി.ആർ.എഫ് - ആനക്കയം പഞ്ചായത്തിൽ വാർഡ് 21 ൽ വടക്കുംമുറിയിൽ ചോലപ്പുറം വി.സി.ബി യുടെ അറ്റകുറ്റപണികൾ | 5.335 | 30% പൂർത്തിയായി |
| 9 | എസ്.ഡി.ആർ.എഫ് - കോഡൂർ പഞ്ചായത്തിൽ ഒറ്റത്തറയിൽ വേങ്ങയിൽ ചിറയുടെ അറ്റകുറ്റപണികൾ | 2.93 | ഉടമ്പടി വെച്ച് പ്രവൃത്തി സ്ഥലം കൈമാറി |

Prijith. K
സെക്ഷൻ ഓഫീസർ

## അനുബന്ധം - II

**മലപ്പുറം മണ്ഡലത്തിലെ പ്രൊപ്പോസൽ ലഭിച്ച പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്ര.നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മലപ്പുറം മണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ കടലുണ്ടിപ്പുഴക്ക് കുറുകെ നമ്പ്രാണി കടവിൽ ഒരു റെഗുലേറ്റർ നിർമ്മാണ പ്രവൃത്തി | **1860** | മലപ്പുറം മുനിസിപ്പാലിറ്റി ഭരണാനുമതി നൽകി തുക ഡെപ്പോസിറ്റ് ചെയതിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| 2 | എഫ്.ഡി-മലപ്പുറം മുനിസിപ്പാലിറ്റിയിലെ കൈനോട് തോടിന്റെ പാർശ്വഭിത്തി സംരക്ഷണം | **20.00** | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 3 | എഫ്.ഡി- ആനക്കയം ഗ്രാമപഞ്ചായത്തിലെ പന്തല്ലൂരിൽ പന്തല്ലൂർ അമ്പല ക്കുളത്തിന്റെ നവീകരണപ്രവൃത്തി | **65.5** | |
| 4 | എഫ്.ഡി- പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 9 ൽ പൂക്കോട്ടൂർ പാലത്തിങ്ങലിൽ വലിയതോടിന്റെ പാർശ്വ ഭിത്തി സംരക്ഷണം | **29.00** | |

Prijith.
സെക്ഷൻ ഓഫീസർ